(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ള മാവേലി സ്റ്റോറുകളിൽ കേരളത്തിലെ ചെറുകിട ഉൽപ്പാദകരുടെ സോപ്പുൽപ്പന്നങ്ങളുടെ വിൽപ്പനയിൽ നിയന്ത്രണമേർപ്പെടുത്തിയത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നിയന്ത്രണം ഏർപ്പെടുത്തിയതിന്റെ കാരണങ്ങളെ സംബന്ധിച്ച് അന്വേഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത നിയന്ത്രണമേർപ്പെടുത്തിയതുമൂലം കോർപ്പറേഷന് നഷ്ടം ഉണ്ടായിട്ടുണ്ടോ ; എങ്കിൽ നഷ്ടം പ്രതിമാസം എത്ര രൂപയാണെന്ന് വ്യക്തമാക്കാമോ ;

(ഡി) കേരളത്തിലെ ചെറുകിട വ്യവസായ സംരംഭങ്ങളെ തളർത്തുന്ന നടപടികളിൽ നിന്നും പിൻമാറുന്നതിന് കോർപ്പറേഷന് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) മാവേലി സ്റ്റോറുകളിൽ സോപ്പുല്പന്നങ്ങളുടെ വിൽപ്പനയിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) കേരളാ സോപ്പ് ആന്റ് ഓയിൽസ്, ഖാദി ബോർഡ് എന്നിവയുടെ സഹകരണത്തോടെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ "മാവേലി ബാർസോപ്പ്" എന്ന പേരിൽ സ്വന്തമായി സോപ്പു നിർമ്മിച്ച് കോർപ്പറേഷന്റെ വിൽപ്പനശാലകളിലൂടെ വിറ്റുവരുന്നുണ്ട്. കോർപ്പറേഷൻ ഉൽപ്പന്നങ്ങളുടെ വിൽപ്പന വർദ്ധിപ്പിക്കുന്നതിലേയ്ക്കായി ഇതര സോപ്പുകൾ വാങ്ങി വിൽക്കുന്നത് മൊത്തം വിൽപ്പനയുടെ 30 ശതമാനമാക്കി നിയന്ത്രിച്ചിട്ടുള്ളതാണ്. എന്നാൽ ഈ നിയന്ത്രണം സൂപ്പർ മാർക്കറ്റുകളിൽ ബാധകമാക്കിയിട്ടില്ല.

(സി) ഈ തീരുമാനം കൊണ്ടു കോർപ്പറേഷന് നഷ്ടം ഉണ്ടായിട്ടില്ല.

(ഡി) ചെറുകിട വ്യവസായ സംരംഭങ്ങളുടെ ഉല്പന്നങ്ങളും നിയന്ത്രണത്തിനു വിധേയമായി വിൽക്കുന്നതിനാൽ സ്വന്തം ഉൽപ്പന്നങ്ങളുടെ വിൽപ്പന വർദ്ധിപ്പിക്കുന്നതിലേയ്ക്കായി എടുത്ത ഈ തീരുമാനം അവയെ തളർത്തുന്നില്ല.

നിത്യോപയോഗ സാധനങ്ങളുടെ വില

180 (182) ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ :
ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1996 മാർച്ച്മാസത്തിൽ നിത്യോപയോഗ സാധനങ്ങൾ ഓരോന്നിനും ഉണ്ടായിരുന്ന വിലയും 2001 ജനുവരി 31-ന് ഉള്ള അവയുടെ വിലയും വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) റേഷൻവില വർദ്ധനവിനെ തുടർന്ന് സംസ്ഥാനത്തെ പൊതുവിതരണ ശൃംഖല നേരിടുന്ന പ്രശ്നങ്ങൾ വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്തെ ഫുഡ്കോർപ്പറേഷൻ ഗോഡൗണുകളിൽ ഭക്ഷ്യ സാധനങ്ങൾ കെട്ടിക്കിടക്കുന്ന സാഹചര്യം നിലവിലുണ്ടോ ;

(ഡി) കേന്ദ്രസർക്കാരിന്റെ "അന്നപൂർണ്ണ" പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കുമോ ?

ഉത്തരം

(എ) നിത്യോപയോഗ സാധനങ്ങളുടെ 1996 മാർച്ച് മാസത്തെ വിലയും 2001 ജനുവരി 31-ലെ വിലയും അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) 1-4-2000-ൽ കേന്ദ്രസർക്കാർ റേഷൻ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചതിനെ തുടർന്ന് റേഷൻ ഉപഭോഗം മുന്നിലൊന്നായി കുറഞ്ഞിട്ടുണ്ട്. പ്രതിമാസം 1,50,000 ടണ്ണോളം റേഷനരി വിറ്റഴിച്ചിരുന്നത് വില വർദ്ധനവിനുശേഷം ശരാശരി 50,000 ടണ്ണായി കുറഞ്ഞു. റേഷനെ ആശ്രയിച്ചിരുന്ന ഉപഭോക്താക്കൾ പൊതുവിപണിയെ ആശ്രയിക്കുകയും അധികസാമ്പത്തിക ബാദ്ധ്യത നേരിടുകയും ചെയ്യുന്നു. റേഷൻ ഉപഭോഗം കുറഞ്ഞതിന്റെ ഫലമായി റേഷൻ മൊത്തവ്യാപാര ഡിപ്പോകളിലും റീട്ടെയിൽ റേഷൻകടകളിലും നീക്കിയിരിപ്പുസ്റ്റോക്ക് വർദ്ധിക്കുകയും റേഷൻ വ്യാപാരികൾ പ്രതിസന്ധിയിലാവുകയും ചെയ്തു.

(സി) ഉണ്ട്.

(ഡി) "അന്നപൂർണ്ണ" പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്.

റാന്നി നിയോജകമണ്ഡലത്തിലെ പുതിയ മാവേലിസ്റ്റോറുകൾ

181 (183) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് റാന്നി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന എത്ര പഞ്ചായത്തുകളിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ വക മാവേലിസ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട് ;

(ബി) അവ ഏതൊക്കെയെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കുമോ ;

(സി) ബാക്കിയുള്ള പഞ്ചായത്തുകളിൽ മാവേലിസ്റ്റോറുകൾ സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് റാന്നി നിയോജകമണ്ഡലത്തിൽ എത്ര "സപ്ലൈകോ" സൂപ്പർ മാർക്കറ്റുകൾ ആരംഭിച്ചിട്ടുണ്ട് ;

(ഇ) റാന്നി നിയോജകമണ്ഡലത്തിൽ പുതിയ സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വിശദമാക്കുമോ ?

† അനുബന്ധം - XXVII

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XXVII

[19-2-2001-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 180(182)-ന്റെ ഉത്തരം ദയവായി കാണുക]

കേരളത്തിലെ നിത്യോപയോഗസാധനങ്ങളുടെ വിലവിവരം താരതമ്യപ്പട്ടിക 1996, 2001

ക്രമ നമ്പർ	സാധനത്തിന്റെ പേരുവിവരം	ബ്രാൻഡ്/തരം അളവ്	1996 മാർച്ചിലെ വില	2001 ജനുവരി 31-ലെ വില
1	അരി	ചമ്പ (കി.ഗ്രാം)	10.48	12.94
2	അരി	പച്ച (കി.ഗ്രാം)	9.45	12.30
3	ചെറുപയർ		24.39	26.52
4	ഉഴുന്നുപരിപ്പ്		26.92	40.27
5	തുവരപ്പരിപ്പ്		31.08	28.48
6	പഞ്ചസാര		13.67	14.79
7	നിലക്കടലയെണ്ണ.		45.64	47.80
8	സോപ്പ്	അര ബാർ	6.04	7.23
		ലക്സ്	7.14	10.50
9	തേയില	ലൂസ്	65.00	70.00
		(പായ്ക്കറ്റ് കണ്ണൻ ദേവൻ)	120.00	130.00
10	ഉരുളക്കിഴങ്ങ്	കിലോ	7.35	7.83
11	തേങ്ങ	100 ന്	429.29	374.00
12	ഉള്ളി	കിലോ	10.37	11.48
13	ഉപ്പ്	"	2.00	2.50
14	മല്ലി		25.00	37.15
15	വറ്റൽമുളക്		47.00	40.96
16	പുളി		19.50	26.80
17	ജീരകം		78.00	165.38
18	കടുക്		20.00	25.15
19	ഉലുവ		18.00	31.15
20	മഞ്ഞൾ		25.00	33.62
21	സവാള		5.50.	8.74
22	കാപ്പി		112.00	130.00
23	വെളിച്ചെണ്ണ		43.60	37.00

LIBRARY ARCHIVES Kerala Legislative Assembly